ഫ ഫ ഫ വ ഇടവമാസം ഒന്നാംതിയ്യതി ഉണ്ടായ വിളംബരതിയ്യതിവരെ ആകെ വാങ്ങിയ നെല്ല് പറ ഫ, ന്യ വ, ന്ന ഫ. ഫ ഫ ഫ വ-ൽ അതിനു ശേഷം വാങ്ങിയ നെല്ല് പറ ന, ഒ വ ഠ, ആകെ ഫ ഫ ഫ വ-ൽ വാങ്ങിയ നെല്ല് പറ ഫ, ഒ ഫ, ഒ ര ഫ.

ഫ ഫ ഫൻ-ൽ ആകെ വാങ്ങിയ നെല്ല് പറ ഫ, ങ വ, ഫ ന്സ.

ഫ ഫ ഫ ഠ-ൽ ഫ, വ ന്യ, ഫ ഒ ര.

ഫ ഫ ഫ ഫ-ൽ ങ— ര—ഫ ന്ന ര ന്യ/ഫ ന—വ—ഫ ഫ വരെ ആകെ വാങ്ങിയ നെല്ല് ഫ, ര ന്, വ ന ഫ പറ.

AUCTION OF TODDY SHOPS

766. മിസ്റ്റർ കെ. ഐ. വേലായുധൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ. —

(എ) കള്ളുഷാപ്പ് ഗവണ്മെണ്ടിൽനിന്നും ലേലം വിളിക്കുന്ന അവസരത്തിൽ ടി ഷാപ്പ് ഏതെങ്കിലും പ്രത്യേകസ്ഥാനത്തു് സ്ഥാപിക്കേണമെന്നു്. നിബന്ധനയുണ്ടോ; ഉണ്ടെങ്കിൽ ടി ഷാപ്പ് സ്ഥാപിക്കുന്ന സ്ഥലത്തിന്റെ അതൃത്തികൾ നിശ്ചയിക്കാറുണ്ടോ;

(ബി) തലപ്പിള്ളി താലൂക്കിലുള്ള പുതുശ്ശേരി കള്ളുഷാപ്പ് ന ഠ ന്സ/ഫ ശരിയായി ഏതു വില്ലേജ് ഏതു ദേശത്തു് ഏതു അതൃത്തിക്കുള്ളിൽ സ്ഥപിക്കേണ്ടതാണു്;

(സി) ഇപ്പോൾ ടി ഷാപ്പ് ഏതു വില്ലേജ് ഏതു ദേശത്തു് ഏതു അതൃത്തിക്കുള്ളിലാണു് സ്ഥിതി ചെയ്യുന്നതു്;

(ഡി) ടി ഷാപ്പ് ശരിയായ സ്ഥാനത്തല്ല സ്ഥാപിച്ചിട്ടുള്ളതെന്നു കാണിച്ചു് ആരെങ്കിലും ആക്ഷേപങ്ങൾ ഗവണ്മെണ്ടിലേക്കയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രണ്ണം എതേതു തിയ്യതികളിൽ; ടി ആക്ഷേപങ്ങൾ മേശപ്പുറത്തു വെയ്ക്കാമോ;

(ഇ) ഗവണ്മെണ്ടു് ഈ ആക്ഷേപങ്ങളെ അടിസ്ഥാനമാക്കി പുതുശ്ശേരി കള്ളുഷാപ്പ് (ന ഠ ന്സ/ഫ ഫ) മാറ്റി നീക്കുവാൻ കല്പന അയച്ചിട്ടുണ്ടോ; ആ കല്പന മേശപ്പുറത്തു് ദയവായി വയ്ക്കാമോ?

മിസ്റ്റർ സി. ജെ. മാത്യു:

(എ) (ഫ) ചില ഷാപ്പുകളെ സംബന്ധിച്ചു് നിബന്ധന ചെയ്യാറുണ്ടു്.

(ഫ) ഉവ്വു്. അങ്ങിനെ നിബന്ധന ചെയ്യാറുള്ള ഷാപ്പുകളുടെ അതൃത്തികൾ ലേല പരസ്യത്തിൽ പ്രസിദ്ധപ്പെടുത്താറുണ്ടു്.

(ബി) തലപ്പിള്ളി താലൂക്കിൽ ചെമ്മന്തട്ട വില്ലേജിൽ വടക്ക കറളിപ്പാടം, കിഴക്ക പുതുശ്ശേരിയിലുള്ള ചിറളയം ചിറപ്പാട്ടു്, തെക്ക പാറക്കളത്തേക്കുള്ള നാട്ടുവഴി, പടിഞ്ഞാറ്റ തെക്കെക്കര ഇയ്യപ്പൻ വക പറമ്പു് ഈ അതൃത്തികൾക്കുള്ളിൽ പെട്ട ഏതെങ്കിലും പ്രദേശത്തു് ആവാം.

(സി) ഫ ഫ ഫ തുലാം ഫ ഫ-ാംന-വരെ കാണിപ്പയ്യൂർ വില്ലേജ് ടി ദേശത്തു് വടക്ക കണക്കൻ മാടമ്പി കടിയിരുപ്പു് പറമ്പു്, കിഴക്ക പഞ്ചായത്തുറോഡു്, തെക്ക തൃശ്ശിവപേരൂർ കുന്നംകുളം റോഡു്, പടിഞ്ഞാറ തെക്കെക്കര ഇയ്യപ്പൻ വക പറമ്പു്, ഈ അതൃത്തികൾക്കുള്ളിലും അതിനു ശേഷം ചെമ്മന്തട്ട വില്ലേജ് പുതുശ്ശേരി ദേശത്തു് വടക്ക നാട്ടുവഴി, കിഴക്ക പഞ്ചായത്തുറോഡു്, തെക്ക പ്ലാക്കൽ വറുതപ്പൻ കടിയിരുപ്പു് പറമ്പു്, പടിഞ്ഞാറ അഞ്ജനപറമ്പു് എന്നീ അതൃത്തിക്കുള്ളിലും.

(ഡി) (ഫ) ഉവ്വു്. (ഫ) അഞ്ചെണ്ണം. (ന) ഫ ഫ ഫ ഠ മിഥുനം ഫ ര-ാംന-, ഫ ഫ ഫ ഠ കർക്കടകം ഫ ഫ-ാംന-, ഫ ഫ ഫ ചിങ്ങം ഫ ഫ-ാംന-, ഫ ഫ ഫ കന്നി ഒ-ാംന-, ഫ ഫ ഫ തുലാം ഫ ന-ാംന-. (ര) ടി ആക്ഷേപങ്ങളുടെ പകർപ്പു് അനുബന്ധമായി ചേർത്തിരിക്കുന്നു. *(Appendix V)*

(ഇ) ഉവ്വു്. ആ കല്പനയുടെ ഒരു പകർപ്പു് അനുബന്ധമായി ചേർത്തിരിക്കുന്നു. *(Appendix V)*

COCHIN VERUMPATTAMDAR'S ACT—AMENDING BILLS

767. Mr. P. Kumaran Ezhuthassan *(Vadakkancheri)*: Will Government be pleasd to state.—

(*a*) what is the number of amending Bills brought by the Government to amend the Cochin Verumpattambars' Act passed into law in Kumbham 1118;

(*b*) what is the number of amending Bills brought by non-official members on the same Act?

LIBRARY ARCHIVES Kerala Legislative Assembly

APPENDIX IX

(Please see Answer to Question No. 754)

ക്ഷേണവകുപ്പ് ഒരുദ്യോഗസ്ഥ സമൂഹത്തിൽ പ്രത്യേകിച്ചും ഇപ്പോഴത്തെപ്പോലെയുള്ള കരുവിഷമഘട്ടത്തിൽ ഭരിക്കപ്പെടാവുന്ന ഒന്നാണെന്നുള്ള അഭിപ്രായത്തോട് യോജിപ്പാൻ നിവൃത്തിയില്ലാത്തതിൽ ഗവർമ്മെണ്ട് വ്യസനിക്കുന്നു. ഇതിൽ നല്ല പരിചയമുള്ള എല്ലാ അനുദ്യോഗസ്ഥ സംഘങ്ങളേയും സമീപ്പാനും അവയുടെ ഉപദേശങ്ങളേയും സഹകരണത്തേയും സ്വീകരിപ്പാനും ഗവർമ്മെണ്ടിനു് യാതൊരു വിരോധവുമുണ്ടായിരിക്കുന്നതല്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. ക്ഷേണവകുപ്പിനും ഗവർമ്മെണ്ടിനു ക്ഷേണവിഷയത്തെപ്പറ്റി സവിസ്തരമായ പയ്യാലോചന കൂടെക്കൂടെ നടന്നുകൊണ്ടിരിക്കുന്നു നിയമസഭയുടേയും, സെൻട്രൽ ഫുഡ്സ് അഡ്വൈസറി കൌൺസിലിന്റേയും, വില്ലേജ്, ടൌൺ, താലൂക്ക് എന്നീ ഫുഡ്സ് അഡ്വൈസറി കമ്മിറ്റികളുടേയും സഹായങ്ങൾ ഇന്നും യഥാർത്ഥത്തിൽ ലഭിച്ചു കൊണ്ടാണിരിക്കുന്നതെന്ന സംഗതിയും ഇവിടെ പ്രസ്താവയോഗ്യമാണ്.

APPENDIX X

(Please see Answer to Question No. 755)

Statement showing village-war figures of attacks from small-pox and chicken-pox and vaccinations performed in the Kunnamkulam constituency

Sl. No.	Name of village	No. of small-pox attacks up to date	No. of chicken-pox attacks up to date	No. of vaccinations
1	Kunnamkulam ..	6	8	2,382
2	Anjur ..		5	150
3	Arthat ..	1	5	495
4	Chowwannur ..	1	8	427
5	Kanippayyur ..	1	5	220
6	Chemmanthatta ..	1	6	245
7	Aloor ..	2	5	1,137
8	Kandanassery ..	..	..	120
9	Choondal ..	..	5	366
10	Mangad ..	2	8	789
11	Palanji ..	5	16	1,478
12	Kattakampal ..	1	7	500
13	Kadavallur ..	..	6	180
14	Karikad ..	..	4	296
15	Porkulam ..	17	3	1,170
		37	91	9,955

APPENDIX XI

(Please see Answer to Question No. 766)

Copy of petition, dated 14th Mithunam 1120

ബഹുമാനപ്പെട്ട സാഹിബ് കമ്മീഷണർ എജമാനൻ അവർകളുടെ സംക്ഷത്തിങ്കലേക്ക്. തലപ്പിള്ളി താലൂക്ക ചെന്നന്തട്ട വില്ലേജ് പുതിശ്ശേരി ദേശനിവാസികളായ താഴെ പേരെഴുതി ഒപ്പിട്ടിനാവർ ബോധിപ്പിക്കുന്ന സങ്കടഹരജി.

LIBRARY ARCHIVES Kerala Legislative Assembly

ചെമ്മന്തട്ട വില്ലേജ് പുതിശ്ശേരി ദേശത്തു വളരെ പുരാതനമായി നടത്തിവരുന്ന കള്ളു ഷാപ്പു ഫ.ഫ.ഫ മുതൽക്കു കാണിപ്പയ്യൂർ വില്ലേജിൽ വെച്ചു നടത്തുവാൻ മേലധികാരത്തിൽനിന്നു ഇപ്പോൾ നടത്തിവരുന്ന ഷാപ്പുകാരനു അനുവാദം കൊടുത്തിട്ടുണ്ടെന്നു ഇപ്പോൾ നടത്തിവരുന്ന ഷാപ്പുകാരൻ പറയുകയും അയാൾ അതിന്നുവേണ്ടതായ നടപടികൾ നടത്തുകയും ഷാപ്പിനു സ്ഥലം പണിതുടങ്ങുവാൻ ശ്രമം തുടങ്ങുകയും ചെയ്തുവരുന്നുണ്ടു്.

മേൽപറഞ്ഞ കള്ളുഷാപ്പു് ചെമ്മന്തട്ട വില്ലേജ് പുതിശ്ശേരി ദേശത്തുനിന്നു മാറി കാണിപ്പയ്യൂർ വില്ലേജിൽ സ്ഥാപിക്കുന്നതായാൽ ഈ നാട്ടുകാക്കും മറ്റു പുറനാട്ടുകാക്കും വളരെ ബുദ്ധിമുട്ടുകൾ നേരിടുന്നതുമാകുന്നു. എന്നാൽ വില്ലേജു്, കാണിപ്പയ്യൂർ വില്ലേജിൽ ചെമ്മന്തട്ട വില്ലേജിലുംകൂടി പുതിശ്ശേരി ഒരു ഷാപ്പു കൂടാതെ വേറെ കള്ളുഷാപ്പു ഒന്നും ഇല്ലാത്തതുമാകുന്നു. മേൽപറഞ്ഞ ഷാപ്പു ഇവിടുന്നു മാറി നിശ്ചയിക്കുന്നതായാൽ ഈ ദേശത്തു പുകയില ഷാപ്പിനും മറ്റു ലൈസൻസ്സു ഷാപ്പുകൾക്കും വളരെ ദോഷങ്ങൾ നേരിടുവാൻ ഇടയുള്ളതാകുന്നു.

ഇതിന്നും പുറമെ ഇവിടെ ഒരു മത്സ്യചന്തയും മറ്റു അനവധി കച്ചവടങ്ങളും നടത്തിവരുന്ന ഒരു സ്ഥലമാകുന്നതുകൊണ്ടു് ഷാപ്പു മാറി നിശ്ചയിക്കുന്നതായാൽ ആ വക കച്ചവടങ്ങൾക്കും അനവധി ദോഷങ്ങൾ നേരിടുവാൻ ഇടയുള്ളതുമാകുന്നു. പുണ്ടൽ വില്ലേജിലെ പുകയിലഷാപ്പു് ടി വില്ലേജിലെ പടിഞ്ഞാറു് അതൃത്തിക്കു് സമീപവും കാണിപ്പയ്യൂർ വില്ലേജിലെ പുകയിലഷാപ്പു് ടി വില്ലേജിന്റെ കിഴക്കു അതൃത്തിക്കു സമീപവും ഈ രണ്ടു ഷാപ്പിന്റെ മദ്ധ്യത്തിലേക്കു പുതുശ്ശേരിയിലെ കള്ളുഷാപ്പു് മാറി നിശ്ചയിക്കുന്നതായാൽ പുതിശ്ശേരി ദേശത്തുള്ള പുകയില ഷാപ്പിനും മറ്റു കച്ചവടങ്ങൾക്കും വളരെ ദോഷങ്ങൾ നേരിടുന്നതുമാകുന്നു.

അതുകൊണ്ടു് എജമാനൻ അവർകളുടെ ദയവുണ്ടായി മേൽപറഞ്ഞ കള്ളുഷാപ്പു ഇപ്പോൾ നില്ക്കുന്ന സ്ഥലത്തുനിന്നു സ്ഥലം മാറി നിശ്ചയിപ്പാതിരിപ്പാൻ ഞങ്ങൾ വളരെ വണക്കമായി അപേക്ഷിച്ചുകൊള്ളുന്നു.

എന്നു് ഫ.ഫ.ഠ മിഥുനം ഫ൪-ാംന-.

(Signed by 61 Members)

(True copy)

M. BALAKRISHNA MENON
Excise Commissioner

Copy of petition, dated 22nd Karakdagam 1120

മഹാരാജമാന്യരാജശ്രീ ബഹുമാനപ്പെട്ട കൊച്ചി സാംട്ടു് കമ്മീഷണർ അവർകളുടെ മുമ്പാകെ തലപ്പിള്ളി താലൂക്കു് പുണ്ടൽ വില്ലേജു് പെലക്കാട്ടു് പയ്യൂർ, ദേശത്തു് കണ്ണഞ്ചേരി വേലു മക്കൾ (ക) രാമൻകുട്ടിയും (ഖ) അപ്പുവുംകൂടി ബോധിപ്പിക്കുന്ന സങ്കടഹരജി.

ഞങ്ങൾ കുന്നംകുളം റെയിഞ്ചിൽപെട്ട പെലക്കാട്ടു് പയ്യൂർ, പന്നിശ്ശേരി എന്ന സ്ഥലം നമ്പ്രു് കള്ളുഷാപ്പു് ഫ.ഫ.ഠ൰ൽ ലേലംകൊണ്ടു നടത്തിവരുന്നതും ടി ഷാപ്പു ഞങ്ങൾ ഫ.ഫ.ഫ-ലേക്കു ലേലത്തിൽ കൊണ്ടിട്ടുള്ളതുമാകുന്നു.

എന്നാൽ ടി ഷാപ്പിന്റെ അയൽ ഷാപ്പായ ചെമ്മന്തട്ട വില്ലേജിൽ ഉള്ള പുതിശ്ശേരി ദേശത്തു നടത്തിവരുന്ന കള്ളുഷാപ്പു ഫ.ഫ.ഠ-ലെ ലേലക്കാരൻതന്നെ ആണു് ഫ.ഫ.ഫ-ലേക്കും ലേലത്തിൽ കൊണ്ടിട്ടുള്ളതു്.

ടി പുതുശ്ശേരി കള്ളുഷാപ്പു ഇതുവരെ നടത്തിവന്നിരുന്ന സ്ഥലത്തുനിന്നു വളരെ തെക്കോട്ടു മാറി ഞങ്ങളുടെ ഷാപ്പിന്റെ അതൃത്തിയായ പെലക്കാട്ടു് പയ്യൂർ ദേശത്തിന്നു തൊട്ടുതായ സ്ഥലത്തു സ്ഥാപിച്ചു നടത്തുന്നതിന്നു് ആലോചിച്ചുവരുന്നതായും അതിന്നുള്ള സ്ഥലം ഉണ്ടാക്കിവരുന്നതായും അറിവായിരിക്കുന്നു.

കള്ളുഷാപ്പുകൾ പരസ്യത്തിൽ കണ്ടപ്രകാരം അതാതു സ്ഥലത്തുതന്നെ നടത്തുന്നതല്ലാതെ സ്ഥലമാറ്റങ്ങൾ ഉണ്ടാവുന്നതല്ലെന്നു ഞങ്ങളെ ധരിപ്പിച്ചതിനെ വിശ്വസിച്ചാണു് മേൽപറഞ്ഞ സ്ഥ൰ാം നമ്പ്രു കള്ളുഷാപ്പു് ഫ.ഫ.ഫ-ലേക്കു അധികസംഖ്യക്കു ലേലത്തിൽ കൊണ്ടിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly